**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3544** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഏതെല്ലാം തരത്തിലുള്ള യാത്രാ നിരക്കുകളാണ് ഈടാക്കുന്നതെന്ന് അറിയിക്കാമോ; ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് അനുവദിക്കുന്നതെന്നും സൗജന്യയാത്രയും കുറഞ്ഞ നിരക്കിലുള്ള യാത്രയും അനുവദിക്കുന്നത് ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ? | (എ) | 30.04.2022-ലെ സ.ഉ.(അച്ചടി)നം.17/2022/TRANS പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കാണ് കെ.എസ്.ആർ.ടി.സി ഈടാക്കിവരുന്നത്. ടി വിജ്ഞാപനത്തിലെ Clause-C പ്രകാരം, അന്തർസംസ്ഥാന സർവ്വീസുകളിലും മറ്റ് ദീർഘദൂര സർവ്വീസുകളിലും യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് നിശ്ചിത ശതമാനം വരെ നിരക്കിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Clause-D പ്രകാരം, സ്ഥിരം യാത്രക്കാർക്ക് 30% വരെ കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് നൽകുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>ടി വിജ്ഞാപനത്തിലെ Clause-H പ്രകാരം, വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക് 26.02.2018-ലെ സ.ഉ.(അച്ചടി)നം.4/2018/ട്രാൻ. വിജ്ഞാപനം പ്രകാരം നിശ്ചയിച്ച നിരക്കിൽത്തന്നെ തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം യഥാർത്ഥ ടിക്കറ്റ് തുകയുടെ 25% നിരക്ക് ഈടാക്കുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിലും ശരാശരി 17.32% നിരക്ക് മാത്രമാണ് കെ.എസ്.ആർ.ടി.സി. ഈടാക്കിവരുന്നത്. കൂടാതെ, പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രയാണ് അനുവദിച്ചുവരുന്നത്.<br><br>കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുവദിച്ചു വരുന്ന മറ്റുയാത്രാ ഇളവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. **അന്ധർക്കുള്ള യാത്രാ പാസ്സ്** - 100% അന്ധതയുള്ളവർക്ക് സിറ്റി, ഓർഡിനറി, ഫാസ്റ്റ് |

പാസഞ്ചർ എന്നീ സർവ്വീസുകളിൽ സൗജന്യയാത്ര അനുവദിച്ചുവരുന്നു.

2. **ബധിര-മൂക യാത്രാ പാസ്സ്** - 50% വൈകല്യമുള്ളവർക്ക് 50% ടിക്കറ്റ് നിരക്കിളവോടെ സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ, വീടിന് സമീപമുള്ള ബസ്സ് സ്റ്റോപ്പിൽ നിന്നും 40 കിലോമീറ്റർ ദൂരത്തിൽ, യാത്ര അനുവദിച്ചുവരുന്നു.

3. **ബുദ്ധിമാന്ദ്യമുള്ളവർക്കും സെറിബ്രൽ പാൾസി ബാധിച്ചവർക്കുള്ള യാത്രാ പാസ്സ്** - 50% വൈകല്യമുള്ളവർക്ക് 50% ടിക്കറ്റ് നിരക്കിളവോടെ സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ് സർവ്വീസുകളിൽ, വീടിന് സമീപമുള്ള ബസ്സ് സ്റ്റോപ്പിൽ നിന്നും, 40 കിലോമീറ്റർ ദൂരത്തിൽ യാത്ര അനുവദിച്ചുവരുന്നു.

4. **അസ്ഥിവൈകല്യമുള്ളവർക്കുള്ള യാത്രാ പാസ്സ്** 40% അംഗവൈകല്യമുള്ളവർക്ക് 70% ടിക്കറ്റ് നിരക്കിളവോടെ സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ കേരളത്തിനകത്ത് യാത്ര ചെയ്യാവുന്നതാണ്. വരുമാനപരിധി 15,000/- രൂപ (പതിനയ്യായിരം രൂപ) ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. **"The rights to persons with disabilities bill 2016"**

പ്രസ്തുത ആക്റ്റിൽ പ്രതിപാദിക്കുന്ന 17 തരം വൈകല്യങ്ങളിൽ 40% അവശതയുള്ളവർക്ക് ടിക്കറ്റ് നിരക്കിൽ 50% ഇളവോടുകൂടി സിറ്റി, ഓർഡിനറി, സിറ്റി ഫാസ്റ്റ്/ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ, വീടിനു സമീപത്തെ ബസ്സ് സ്റ്റോപ്പിൽ നിന്നും 40 കിലോമീറ്റർ ദൂരപരിധിയിൽ, സൗജന്യയാത്ര അനുവദിച്ചുവരുന്നു. പ്രസ്തുത ആക്റ്റിൽ പ്രതിപാദിക്കുന്ന വൈകല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. Low Vision

2. Leprosy Cured Persons

3. Hearing Impairment

4. Dwarfism

5. Mental Illness

6. Autism Spectrum Order

7. Muscular Dystrophy

| | | | |
|---|---|---|---|
| | | | 8. Chronic Neurological Conditions<br><br>9. Specific Learning Disabilities<br><br>10. Multiple Sclerosis<br><br>11. Speech and language disability<br><br>12. Thalassemia<br><br>13. Haemophilia<br><br>14.Sickle Cell Disease<br><br>15.Multiple Disabilities including deaf blindness<br><br>16. Acid attack victims<br><br>17. Parkinson’s disease<br><br>**പ്രസ്സ് പാസ്സ്**<br><br>Public Relation Director നൽകുന്ന accreditation Card-ഉള്ള പത്ര പ്രവർത്തകർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചു വരുന്നു. ഡീലക്സ് ഉൾപ്പെടെ (എ.സി. ബസ്സ് ഒഴികെയുള്ള) എല്ലാ ബസ്സുകളിലും ദൂരപരിധിയില്ലാതെ യാത്ര അനുവദിക്കുന്നുണ്ട്.<br><br>എം.എൽ.എ.-മാർ, മുൻ എം.എൽ.എ.-മാർ, എം.പി.-മാർ, മുൻ എം.പി.-മാർ എന്നിവർക്ക് എ.സി. ബസ്സ് ഒഴികെയുള്ള ഡീലക്സ് എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിൽ സൗജന്യയാത്ര അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ